മംഗളം

PUBLISHED FROM THRISSUR, KOTTAYAM, KOZHIKODE, KOCHI AND THIRUVANANTHAPURAM

Mangalam 2009
July 3 Friday

# ജലത്തിന്റെ സൗന്ദര്യം തേടി ലിസ ബഹറന്റ്

■ ഐ. ഗോപിനാഥ്
തൃശൂർ

‘ജലം സുന്ദരമാണ്, ജലത്തെ സ്നേഹിക്കുക, സംരക്ഷിക്കുക’ ഈ സന്ദേശം പേറി ലോകം മുഴുവൻ കറങ്ങുകയാണ് അമേരിക്കൻ ചിത്രകാരിയായ ലിസ ബഹറന്റ്. വെള്ളത്തിന്റെ സൗന്ദര്യം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെത്തിയ ലിസ തൃപ്രയാറിനടുത്തു കാട്ടൂരിൽ മുനയം ദ്വീപിൽ നടത്തിയ ചിത്രകാരന്മാരുടെ ക്യാമ്പ് ശ്രദ്ധേയമായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പത്തോളം കലാകാരന്മാർ ക്യാമ്പിൽ പങ്കെടുത്തു.

‘ബ്യൂട്ടി ഓഫ് വാട്ടർ’ എന്ന പ്രകൃതി സ്നേഹികളുടെ സംഘടനയുടെ സജീവ പ്രവർത്തകയാണ് ലിസ. മനുഷ്യ സമൂഹം നേരിടാൻ പോകുന്ന ഏറ്റവും ഗുരുതരമായ ഭീഷണിയായി ജല ദൗർലഭ്യം മാറുന്ന സാഹചര്യത്തിലാണ് ജല സംരക്ഷണത്തിന്റെ സന്ദേശവുമായി ലിസ ലോകം മുഴുവൻ കറങ്ങുന്നത്. ഈ നൂറ്റാണ്ടിൽ വരാൻപോകുന്ന യുദ്ധങ്ങൾ വെള്ളത്തിനു വേണ്ടിയായിരിക്കുമെന്ന പ്രവചനം ഇവർ ഓർമിപ്പിക്കുന്നു. ആഗോള കുത്തകകൾ ലോകത്തെ മുഴുവൻ വെള്ളവും കൈപ്പിടിയിൽ ഒതുക്കുന്നതിനുമുമ്പേ ജാഗരൂകരാകേണ്ട ആവശ്യകതയും അവർ ചൂണ്ടിക്കാട്ടി. ജലമലിനീകരണവും മനുഷ്യസമൂഹം നേരിടുന്ന വെല്ലുവിളിയാണ്. എന്നാൽ ഈ വിഷയത്തെ രാഷ്ട്രീയ പ്രശ്നമായല്ല, സൗന്ദര്യ പ്രശ്നമായാണ് ‘ബ്യൂട്ടി ഓഫ് വാട്ടർ’ നോക്കിക്കാണുന്നതെന്നു കനോലി കനാലിനാൽ ചുറ്റപ്പെട്ട മനോഹരമായ മുനയം ദ്വീപിൽ ഒത്തുചേർന്ന കലാകാരന്മാരോട് ലിസ പറഞ്ഞു. അതുകൊണ്ടുതന്നെ ലോകത്തെങ്ങും ചിത്രകാരന്മാരുടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണ് സംഘടനയുടെ പ്രധാന പരിപാടി. വെള്ളത്തിന്റെ സൗന്ദര്യമാണ് ചിത്രകാരന്മാർ കാൻവാസിൽ പകർത്തുന്നത്. ആകൃതിയില്ലാത്ത ജലവും കാർമേഘങ്ങളും എന്നും കലാകാരന്മാർക്ക് പ്രചോദനമാണെന്ന് ലിസ വിശ്വസിക്കുന്നു. അവരതിൽനിന്ന് പുത്തൻ രൂപങ്ങൾ കണ്ടെത്തുന്നു. വെള്ളവും പുഴയും കടലുമെല്ലാം സാധാരണക്കാരെ മധുരമുള്ള ഓർമകളിലേക്ക് കൊണ്ടുപോകുന്നു. ജലസംരക്ഷണം പ്രകൃതിയുടെതന്നെ സംരക്ഷണമാണ്. വെള്ളത്തെ സ്നേഹിക്കുകവഴി അതിരുകളോ യുദ്ധങ്ങളോ ഇല്ലാത്ത ലോകം കെട്ടിപ്പടുക്കാമെന്നും ലിസ പറയുന്നു.

കോഴിക്കോട് സ്വദേശിയും മുതിർന്ന ചിത്രകാരനുമായ ബൈജു ലക്ഷ്മണൻ ആയിരുന്നു മൂന്നുദിവസം നീണ്ടുനിന്ന ക്യാമ്പിന്റെ ഡയറക്ടർ. ചിത്രകാരന്മാരായ കുമാരദാസ്, പി.എസ്. രാധാകൃഷ്ണൻ, രമണി, രമ്യരാധാകൃഷ്ണൻ, സുചിത്രൻ, വത്സൻ, രാജേഷ്, ഉദയശങ്കർ തുടങ്ങിയവർ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിൽ രൂപംകൊണ്ട ചിത്രങ്ങൾ ഇന്റർനെറ്റ് വഴിയും അല്ലാതെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കുമെന്നു ലിസ പറഞ്ഞു. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ജലസമ്പന്നമായ കേരളം തന്നെ ഏറെ ആകർഷിക്കുന്നതായും എറണാകുളം, തിരുവനന്തപുരം നഗരങ്ങളിൽ അടുത്തുതന്നെ ജലചിത്രങ്ങളുടെ പ്രദർശനവും ക്യാമ്പും സംഘടിപ്പിക്കുമെന്നും അവർ കൂട്ടിച്ചേർത്തു. ഡബ്ല്യു.ഡബ്ല്യു.ഡബ്ല്യു. ബ്യൂട്ടി ഓഫ് വാട്ടർ.കോം ആണ് സംഘടനയുടെ വെബ്സൈറ്റ്.



■ ലിസ തൃപ്രയാറിനടുത്തു കാട്ടൂർ മുനയം ദ്വീപിൽ നടത്തിയ ചിത്രകാരന്മാരുടെ ക്യാമ്പ് .